പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5174

06.02.2014-ൽ മറുപടിക്ക്.

# നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷനിൽ വനിതാ ഹെൽപ്പ് സെൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷന്റെ കീഴിൽ വനിതാ ഹെൽപ്പ് സെൽ ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | : | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നത്. എന്നാൽ നെയ്യാറ്റിൻകര സബ് ഡിവിഷന്റെ കീഴിലുള്ള 8 പോലീസ് സ്റ്റേഷനുകളിൽ 4 പോലീസ് സ്റ്റേഷനുകളായ പൂവ്വാർ, പാറശ്ശാല, പൊഴിയൂർ, വെള്ളറട എന്നീ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയെല്ലാം വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനും നടപടി എടുക്കുന്നതിനുമായി പ്രത്യേകം വനിതാ പോലീസുകാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഓഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോം സ്റ്റേ എന്നിവ ഉൾപ്പെടുന്ന ഒരു വനിതാഹെൽപ്പ് സെൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;<br><br>സി) വനിതകളുടെയും കുട്ടികളുടെയും ആവശ്യം പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | ബി &സി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്ളാൻ പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ ഫാമിലി ക്രൈം പ്രിവൻഷൻ സെന്റർ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം റൂറൽ ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അടുത്ത സാമ്പത്തിക വർഷം തിരുവനന്തപുരം റൂറൽ ജില്ലയിൽ നെയ്യാറ്റിൻകര സബ് ഡിവിഷനിൽ പ്രസ്തുത കൗൺസിലിംഗ് സെന്റർ രൂപീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ